വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട എ. കെ. ബാലൻ എന്നോട് ക്ലിയറായിട്ടുള്ള ഉത്തരത്തിന് ചോദിച്ച ചോദ്യം എന്താണെന്ന് അറിയാമോ? നാട്ടിലുള്ള തോട്ടം മേഖല, പരമ്പരാഗത മേഖല, പൊതു വ്യവസായ മേഖല ഈ മേഖലയെ രക്ഷിക്കുവാൻ ഒറ്റ നല്ല ഉത്തരം, അതാണ് ചോദിക്കുന്നത്. ഇതിനെല്ലാംകൂടി ഒറ്റ ഉത്തരം നൽകുക എന്നുള്ളത് വളരെ പ്രയാസമുള്ള പണിയാണെന്ന് ശ്രീ. എ. കെ. ബാലനുതന്നെ അറിയാമല്ലോ. പക്ഷേ ഇപ്പോൾ ഒരു വഴിയുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെയുണ്ടാകാത്ത ഒരു രാഷ്ട്രീയ കാലാവസ്ഥയുണ്ട്. ബംഗാളിൽ ഇപ്പോൾ അവർ ചെയ്യുന്ന കോമൺ മിനിമം പ്രോഗ്രാമനുസരിച്ച് ഒരു വിധം കാര്യങ്ങൾ നടക്കുന്നുണ്ട്. തെരഞ്ഞെടുപ്പ് കഴിഞ്ഞു. നിങ്ങൾ ജയിച്ചു. അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിൽ എന്തുമാകട്ടെ. ഇനി രണ്ട് കൊല്ലമുണ്ട്, ഈ രണ്ട് കൊല്ലം നമ്മൾ എല്ലാപേരും കൂടി ചേർന്ന് ചർച്ച ചെയ്യാം. നമുക്ക് ഒരു പ്രൈവറ്റൈസേഷനും വേണ്ട, ബാക്കിയുള്ളതൊന്നും വേണ്ട. കോമൺ മിനിമം പ്രോഗ്രാം നമ്മുടേതാണ്. നമ്മൾ എല്ലാപേരും കൂടെകൂടി ഇതിനെക്കുറിച്ച് ആലോചിച്ച്—പ്രക്ഷോഭം മാത്രമാണ് മാർഗ്ഗം എന്നത് വിട്ട്—കാര്യങ്ങൾ ചെയ്യാനുള്ള ഒരു കൺസ്ട്രക്ടീവ് മൂഡിൽ വന്നാൽ തീർച്ചയായിട്ടും ഒരു പരിഹാരമുണ്ടാകും. അതാണ് എന്റെ ക്ലിയറായിട്ടുള്ള ഉത്തരം. ഗവൺമെന്റ് ഈ മേഖലയെ സംരക്ഷിക്കുവാൻ എല്ലാ നടപടിയും സ്വീകരിക്കുവാൻ തയ്യാറാണ്.

IV. പ്രത്യേക പരാമർശം

തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ ശ്രീ. ഉണ്ണികൃഷ്ണനെ മർദ്ദിച്ചതു സംബന്ധിച്ച്

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ജൂൺ 28-ാം തീയതി തൃശ്ശൂർ കോർപ്പറേഷനിൽ ഒരു സംഭവമുണ്ടായി. കുടിവെള്ള പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ കൗൺസിൽ ഒരു യോഗം വിളിച്ചു ചേർക്കുകയുണ്ടായി. ആ യോഗത്തിൽ കലാനിലയം നാടകവേദിക്ക് നാടക അവതരണ അനുമതി വേണമെന്ന് അഭ്യർത്ഥിച്ചു. അതനുസരിച്ച് ആ വിഷയം ചർച്ച ചെയ്യാൻ സെക്രട്ടറി അനുവാദം കൊടുത്തു. സെക്രട്ടറിക്ക് അങ്ങനെ അനുവാദം കൊടുക്കുവാൻ അധികാരമില്ലാത്തതുകൊണ്ട് കോർപ്പറേഷൻ ചെയർമാൻ അത് സ്റ്റേ ചെയ്തു. ഈ ചർച്ചയ്ക്ക് അനുവാദം കൊടുക്കുവാൻ കൗൺസിലിനാണ് അധികാരം. അങ്ങനെ കൗൺസിൽ അനുവാദം കൊടുക്കുകയും ചർച്ച ആരംഭിക്കുകയും ചെയ്തു. ഉച്ചയ്ക്കുശേഷം രണ്ടു മണി കഴിഞ്ഞിട്ടും ചർച്ച ചെയ്ത് തീരാത്തതു കൊണ്ട് ലഞ്ചിനുശേഷവും ചർച്ച ചെയ്തു. ആ സന്ദർഭത്തിൽ പ്രതിപക്ഷ മെമ്പർമാർ ശ്രീ. ഉണ്ണികൃഷ്ണ ഈച്ചരത്തിനെ അതിക്രൂരമായി മർദ്ദിക്കുകയുണ്ടായി. ശക്തൻ തമ്പുരാൻ മാർക്കറ്റിലെ സി.ഐ.റ്റി.യു.വിന്റെ യൂണിയൻ തൊഴിലാളി കൂടിയായ രാമൻ എന്ന ആളാണ് അദ്ദേഹത്തെ മർദ്ദിച്ചത്. ഇതിന് ഉത്തരവാദികളായ വരുടെ പേരിൽ അടിയന്തിര നടപടി സ്വീകരിക്കണം. അദ്ദേഹത്തെ ആശുപത്രിയിൽ ഐ.സി. യൂണിറ്റിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതിന് നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: ഇത് ചീഫ് മിനിസ്റ്റർക്ക് അയച്ചുകൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly